കായികതാരങ്ങളായ പോലീസുകാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

* 249 [388] ശ്രീ. എ. ജോർജ്:
,, തോമസ് കല്ലംപള്ളി:
,, എം. വി. മാണി:
,, സി. എഫ്. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പോലീസ് കായികമേളയിൽ പങ്കെടുത്ത് സ്വർണ്ണ മെഡലും വെള്ളിമെഡലും നേടുന്ന കേരളാ പോലീസ് കായിക താരങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കായികതാരങ്ങൾക്ക് പ്രമോഷൻ നൽകുവാൻ വ്യവസ്ഥകളുണ്ടോ;

(സി) ഉണ്ടെങ്കിൽ അതനുസരിച്ച് പ്രമോഷൻ നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആറ് ഇൻഡ്യാ പോലീസ് ഗെയിംസിൽ സ്ഥാനങ്ങൾ നേടിയ കായികതാരങ്ങൾക്ക് ഗുഡ് സർവ്വീസ് എൻട്രി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ഇതു സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ പരിഗണനയിലാണ്.

കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളായി മാറിയ പ്രൈമറി ഹെൽത്ത് സെൻറുകൾ

* 250 [289] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രൈമറി ഹെൽത്ത് സെൻറുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറായി മാറിയിട്ടുണ്ട്. അവ ഏതെല്ലാമാണ്;

(ബി) പേരിൽവന്ന മാറ്റമല്ലാതെ സൗകര്യത്തിന്റെ കാര്യത്തിൽ ഈ കേന്ദ്രങ്ങളിൽ കാര്യമായി ഒരു മാറ്റവും വരുത്തിയില്ലെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ സ്പെഷ്യലിസ്റ്റുകൾക്കും പ്രവർത്തിക്കാൻ സൗകര്യം ലഭിക്കേണ്ട ഇത്തരം കേന്ദ്രങ്ങളിൽ നിലവിലുള്ള സാഹചര്യത്തിൽ ഡോക്ടർമാർക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കേന്ദ്രങ്ങളുടെ വികസനം ഈ വർഷംതന്നെ പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) കേശവപുരം (തിരുവനന്തപുരം)
കാലടി (എറണാകുളം)
പനത്തടി (കണ്ണൂർ)
കുറ്റ്യാടി (കോഴിക്കോട്)

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ചേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളു. എന്നാൽ ഇവിടത്തെ പ്രവർത്തനം സുഗമമാക്കാൻ ഡോക്ടർമാരും നേഴ്സുമാരും മറ്റു ജീവനക്കാരുമടക്കം 24 തസ്തികകൾ വീതം കൂടുതൽ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി തുക വകകൊള്ളിച്ചിട്ടില്ല.

പഞ്ചായത്തുകളുടെ വരുമാനമാർഗ്ഗങ്ങൾ

* 251 [390] ശ്രീ. പി. സീതിഹാജി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. എം. അബൂബക്കർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റിനു കിട്ടിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും നികുതിയോ, നികുതിയുടെ ഭാഗമോ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം;

(ഡി) നികുതി ഒഴികെ പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഏതെങ്കിലും പദ്ധതി പഞ്ചായത്ത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) കെട്ടിടനികുതി, തൊഴിൽനികുതി, വാഹന നികുതി, വസ്തു കൈമാറ്റ നികുതി, വിനോദ നികുതി, പ്രദർശന നികുതി, (ഷോ ടാക്സ്) പഞ്ചായത്ത് വക വസ്തുക്കളിൽ നിന്നുള്ള വരുമാനം, ലൈസൻസ് ഫീസുകൾ എന്നിവയാണ് പഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly